## പതിനഞ്ചാം കേരള നിയമസഭ
## (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IX
## (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും

## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട്
# (2026-2027)
# SIXTH REPORT ON THE SCRUTINY OF DEMANDS FOR GRANTS
# (2026-2027)

**2026 ഫെബ്രുവരി 23-ാം തീയതി സമർപ്പിച്ചത്**
**(Presented on 23rd, February 2026)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2026

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി IX**
**(SUBJECT COMMITTEE IX)**

# തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും

# (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
ആറാമത് റിപ്പോർട്ട്
(2026-2027)

SIXTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2026-2027)

197/2026.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി IX

## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)

## (2023-2026)

**ഘടന**

<u>ചെയർപേഴ്സൺ</u> :

ശ്രീ. എം. ബി. രാജേഷ്,

തദ്ദേശസ്വയംഭരണ- എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗങ്ങൾ:</u>

ശ്രീ. കെ. രാജൻ,

റവന്യൂ ഭവന നിർമ്മാണ വകുപ്പുമന്ത്രി.

ശ്രീ. വി. അബ്ദുറഹിമാൻ,

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. വി. കെ. പ്രശാന്ത്

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ടി. ജെ. വിനോദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി.

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ ചെയർപേഴ്സൺ ആയ ഞാൻ 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശക രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം 2026 ഫെബ്രുവരി 6, 10 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന്, ചുവടെ ചേർത്തിട്ടുള്ള ധനാഭ്യർത്ഥനകളിൽ ഉൾപ്പെടുന്ന ചെലവിനങ്ങൾ പരിശോധിച്ചു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XXI | - | ഭവനനിർമ്മാണം |
| ധനാഭ്യർത്ഥന നമ്പർ XXII | - | നഗരവികസനം |
| ധനാഭ്യർത്ഥന നമ്പർ XXV | - | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം |
| ധനാഭ്യർത്ഥന നമ്പർ XXVIII | - | പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ XXXV | - | പഞ്ചായത്ത് |
| ധനാഭ്യർത്ഥന നമ്പർ XXXVI | - | ഗ്രാമവികസനം |

മേൽ പരാമർശിച്ച ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പ്രസ്തുത യോഗങ്ങളിൽ സമിതി പരിഗണിക്കുകയും യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി, സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2026 ഫെബ്രുവരി 20-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. ബി. രാജേഷ്,
*ചെയർപേഴ്സൺ,*
*സബ്ജക്റ്റ് കമ്മിറ്റി IX.*

തിരുവനന്തപുരം,
2026 ഫെബ്രുവരി 23.

# റിപ്പോർട്ട്

2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ഒൻപതാം സബ്ജക്ട് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന XXI, XXII, XXV, XXXV, XXXVI എന്നീ ധനാഭ്യർത്ഥനകൾ 2026 ഫെബ്രുവരി 6, 10 തീയതികളിൽ ചേർന്ന യോഗങ്ങളിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(i) പ്രകാരം സമിതി സൂക്ഷ്മപരിശോധന നടത്തിയിരുന്നു. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭിച്ച കുറിപ്പുകളും ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച അധിക വിവരങ്ങളും വിശകലനം നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള ശിപാർശകൾ ചുവടെ ചേർക്കുന്നു.

## ധനാഭ്യർത്ഥന XXI—ഭവനനിർമ്മാണം

| | | |
|---|---|---|
| വോട്ട് ചെയ്യുന്നത് | : | 157,15,41,000 രൂപ |
| ചാർജ്ജ് ചെയ്യുന്നത് | : | 15,00,000 രൂപ |

2216-05-053-97—സംരക്ഷണവും അറ്റകുറ്റപ്പണികളും

01—സംരക്ഷണവും അറ്റകുറ്റപ്പണികളും

02—പ്രത്യേക അറ്റകുറ്റപ്പണികൾ

03—വൈദ്യുത സാമഗ്രികളുടെ സംരക്ഷണം

വിഹിതം: 23.15 കോടി രൂപ (പദ്ധതിയേതരം)

1. കരാറുകാർക്ക് കൊടുക്കുവാനുള്ള 7.5 കോടി രൂപ കൊടുത്തു തീർക്കുന്നതിനും പുതുതായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള ചെലവുകൾക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-053-95—തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപണികളും

01—സാധാരണ അറ്റകുറ്റപണികൾ

02—പ്രത്യേക അറ്റകുറ്റപ്പണികൾ

03 —വൈദ്യുത സാമഗ്രികളുടെ സംരക്ഷണം

വിഹിതം: 2.1 കോടി രൂപ (പദ്ധതിയേതരം)

2. കരാറുകാർക്ക് കൊടുക്കുവാനുള്ള 40.39 ലക്ഷം രൂപ കൊടുത്തു തീർക്കുന്നതിനും പുതുതായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള ചെലവുകൾക്കുമായി ബഡ്ജറ്റ് വിഹിതത്തിനുപുറമേ മേൽ ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-001-99—ഹൗസിംഗ് കമ്മീഷണർ

06—വാടക, കരം, നികുതി

വിഹിതം: 1.2 ലക്ഷം രൂപ (പദ്ധതിയേതരം)

3. കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ കെട്ടിടത്തിൽ താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന കാര്യാലയത്തിന്റെ ഓഫീസ് സ്ഥലത്തിന് പ്രതിമാസം 83,112 രൂപ ആവശ്യമായി വരുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ മേൽ ശീർഷകത്തിൽ 8.77344 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-101-99—നിർമ്മിതി കേന്ദ്രങ്ങൾ

വിഹിതം : 8 കോടി രൂപ (പദ്ധതി)

4. നിർമ്മിതി കേന്ദ്രം മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-101-98—ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനം

വിഹിതം: 3 കോടി രൂപ (പദ്ധതി)

5. ലാറിബേക്കർ നിർമ്മിതി പരിശീലന ഗവേഷണ സ്ഥാപനത്തിന്റെ ഹൗസിംഗ് പാർക്ക് നിർമ്മാണം, ലാബിഷാസ് ക്യാംപസ് നിർമ്മാണം, റിസർച്ച് ആന്റ് ഡെവലപ്മെന്റ്, ഫിനിഷിംഗ് സ്കൂൾ, അവയർനെസ് ആന്റ് പബ്ലിക്കേഷൻ, ലോജിസ്റ്റിക് സെന്റർ ഫോർ പ്രോജക്ട് കൺസൽട്ടൻസി ആന്റ് ഗൈഡൻസ് എന്നീ പദ്ധതികളുടെ പൂർത്തീകരണത്തിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-103-99—സംസ്ഥാന ഹൗസിംഗ് ബോർഡ്

02—വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവന നിർമ്മാണം

വിഹിതം: 1,000 രൂപ (പദ്ധതിയേതരം)

6. പത്രപ്രവർത്തകർക്ക് ഭവന നിർമ്മാണത്തിന് സബ്സിഡി അനുവദിക്കുന്നതിനായുള്ള പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-103-99—സംസ്ഥാന ഹൗസിംഗ് ബോർഡ്

09—മൈത്രി ഭവന പദ്ധതി

വിഹിതം: 1,000 രൂപ (പദ്ധതിയേതരം)

7. ഭവന നിർമ്മാണ ബോർഡിന്റെ തനത് പദ്ധതികൾ നടപ്പിലാക്കുവാനും നിലവിലെ ബോർഡിന്റെ കെട്ടിടങ്ങളിൽ അറ്റകുറ്റപണികൾ നടത്തുന്നതിനും ബോർഡിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 180.32 കോടി രൂപ കൂടി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-106-98—നിർമ്മാണം

02—ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്കുള്ള ക്വാർട്ടേഴ്സ്

വിഹിതം : 2.5948 കോടി രൂപ (പദ്ധതി)

8. കരാറുകാർക്ക് കൊടുക്കുവാനുള്ള 1.85 കോടി രൂപ കൊടുത്തു തീർക്കുന്നതിനും പുതുതായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള ചെലവുകൾക്കുമായി ബഡ്ജറ്റ് വിഹിതത്തിനുപുറമേ മേൽ ശീർഷകത്തിൽ 5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-106-91—സർക്കാർ ജീവനക്കാർക്കുള്ള വാടക ഭവന പദ്ധതി

വിഹിതം : ഇല്ല (പദ്ധതി)

9. തിരുവനന്തപുരം, വയനാട് ജില്ലകളിൽ ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിൽ സർക്കാർ ജീവനക്കാർക്ക് ചെലവ് കുറഞ്ഞതും സൗകര്യപ്രദവുമായ താമസം ഒരുക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്ന പദ്ധതിയിൽ പ്രവൃത്തികൾ

പൂർത്തീകരിക്കാനായി ബഡ്ജറ്റിൽ തുക വകയിരുത്തിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 13 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-80-190-95 —കേരള സംസ്ഥാന നിർമ്മിതി കേന്ദ്ര (കെ.ഇ.എസ്.എൻ.ഐ.കെ.)

വിഹിതം : 2.25 കോടി രൂപ (പദ്ധതി)

10. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനുകീഴിൽ സെറ്റിംഗ് അപ്പ് ഓഫ് ന്യൂ ടെസ്റ്റിംഗ് ലാബ് ആന്റ് പ്രൊഡക്ഷൻ യൂണിറ്റ്, മോഡണൈസേഷൻ ഓഫ് എക്സിസ്റ്റിംഗ് ടെസ്റ്റിംഗ് ലാബ് ആന്റ് പ്രൊഡക്ഷൻ യൂണിറ്റ്സ്, സെറ്റിംഗ് അപ്പ് ഓഫ് 3 ഡി പ്രൊഡക്ഷൻ യൂണിറ്റ്, ഡെവലപ്മെന്റ് ഓഫ് സെൽഫ് സസ്റ്റൈനബിൾ ആന്റ് ഇന്റഗ്രേറ്റഡ് ഹൗസിംഗ് പ്രോജക്ട് എന്നീ പദ്ധതികളുടെ പൂർത്തീകരണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ മേൽ ശീർഷകത്തിൽ 6.75 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-80-201-97—ആശ്വാസ് വാടക ഭവന പദ്ധതി

വിഹിതം : 1 കോടി രൂപ (പദ്ധതി)

11. കണ്ണൂർ, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്ന ആശ്വാസ് വാടക വീട് പദ്ധതിയുടെ തുടർനടത്തിപ്പിനായും കണ്ണൂർ മെഡിക്കൽ കോളേജ് പരിസരത്ത് നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമയതിനാൽ മേൽ ശീർഷകത്തിൽ 16 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-80-800-95—ഇ.ഡബ്ല്യൂ.എസ്./എൽ.ഐ.ജി. ഭവന പദ്ധതി

01—സാമ്പത്തികമായി ദുർബലരായ വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതി

വിഹിതം : 9.19 കോടി രൂപ (പദ്ധതി)

12. ചോറ്റാനിക്കര ഗ്രാമ പഞ്ചായത്തിൽ സാഫല്യം ഭവന പദ്ധതിയുടെ ഭാഗമായുള്ള 24 ഫ്ലാറ്റുകൾ നവീകരിക്കുന്നതിനും മുൻ സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ച ചേളന്നൂർ, പുതുക്കാട്, ലക്കിടി, പേരൂർ എന്നിവിടങ്ങളിലെ സാഫല്യം ഭവന പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 10 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന XXII—നഗരവികസനം

വോട്ട് ചെയ്തത് : 1605,16,45,000 രൂപ

ചാർജ്ജ് ചെയ്തത് : 1,000 രൂപ

2217-05-001-64—വിശദമായ മാസ്റ്റർപ്ലാനും ടൗൺ പ്ലാനും തയ്യാറാക്കുന്നതിനുള്ള പദ്ധതികൾ

വിഹിതം : 2.45 കോടി രൂപ (പദ്ധതി)

13. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ ആസൂത്രിത വികസനം നിയന്ത്രിക്കുന്നതിനായി മാസ്റ്റർ പ്ലാനുകളും വിശദ നഗര പ്ലാനുകളും തയ്യാറാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. 2026-27 സാമ്പത്തിക വർഷത്തേക്ക് 2.45 കോടി രൂപ ആവശ്യം വരുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ മേൽ ശീർഷകത്തിൽ 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-05-192-48-42—അമൃത് 2.0-ന് കീഴിൽ പട്ടണങ്ങളിൽ ജി.ഐ.എസ്. അടിസ്ഥാനമാക്കിയുള്ള മാസ്റ്റർപ്ലാൻ രൂപപ്പെടുത്തുന്നതിനുള്ള പിന്തുണാ പദ്ധതി-അധിക സംസ്ഥാന സഹായം

സംസ്ഥാന വിഹിതം : 38 ലക്ഷം രൂപ (പദ്ധതി)

14. അമൃത് 2.0 പദ്ധതിയുടെ ഭാഗമായി ആവശ്യപ്പെട്ടിരുന്ന സ്കീം ഇംപ്ലിമെന്റേഷൻ യൂണിറ്റ് പ്രവർത്തനങ്ങൾ, സി.ഇ.ആർ.സി. കൂട്ടുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, എന്നിവയ്ക്കു പുറമെ ജില്ലാ കാര്യാലയങ്ങളിലേക്ക് കരാർ നിയമനങ്ങൾക്കായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 62 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-05-800-67—സംസ്ഥാനത്ത് സ്ഥല സംബന്ധമായ ആസൂത്രിത രൂപരേഖ തയ്യാറാക്കൽ

വിഹിതം : 50 ലക്ഷം രൂപ (പദ്ധതി)

15. സംസ്ഥാനത്ത് നിലവിലുള്ള ജില്ലാ പദ്ധതിയെ അടിസ്ഥാനമാക്കി സ്ഥലപരമായ പുനഃക്രമീകരണം, സുസ്ഥിര വികസനം, പ്രളയബാധിതവും പരിസ്ഥിതിലോലവുമായ പ്രദേശങ്ങളിലെ ജനങ്ങളുടെ പുനരധിവാസം എന്നിവ ലക്ഷ്യമാക്കി സമഗ്ര പദ്ധതി രൂപീകരിക്കുകയാണ് ഉദ്ദേശ്യം. 2026-27 സാമ്പത്തിക വർഷത്തേക്ക് ബഡ്ജറ്റിൽ

വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമേ മേൽ ശീർഷകത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-003-99-34—നഗര ഗ്രാമാസൂത്രണത്തിൽ ഉദ്യോഗസ്ഥർക്കും അപ്രന്റീസുകൾക്കും പരിശീലനം നൽകൽ

3—മറ്റിനം

വിഹിതം: 55 ലക്ഷം രൂപ (പദ്ധതി)

16. ഏകീകൃത തദ്ദേശ വകുപ്പിൽ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവിധ തലങ്ങളിലുള്ള നിരവധി പരിശീലനങ്ങൾ നടത്തേണ്ടത് അനിവാര്യമാണ്. കഴിഞ്ഞ സാമ്പത്തികവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ ക്രമീകരിച്ചിരുന്ന പല പരിശീലനങ്ങളും നടത്താൻ സാധിക്കാതെ വരികയും അവ കൂടി ഈ സാമ്പത്തികവർഷം നടത്തേണ്ടതുള്ളതിനാൽ 2026-27 സാമ്പത്തിക വർഷം 80 ലക്ഷം രൂപ ആവശ്യമായി വരുന്നതിനാൽ ബഡ്ജറ്റ് വിഹിതത്തിനുപുറമേ മേൽ ശീർഷകത്തിൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-800-83—എല്ലാ ജില്ലകളിലെയും പ്രാദേശിക വികസന പദ്ധതി, സംയോജിത ജില്ലാ വികസന പദ്ധതി തയ്യാറാക്കൽ

സംസ്ഥാന വിഹിതം : 55 ലക്ഷം രൂപ (പദ്ധതി)

17. എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും പ്രാദേശിക വികസന രൂപരേഖയും ഓരോ ജില്ലയ്ക്കും സംയോജിത ജില്ലാ വികസന രൂപരേഖയും തയ്യാറാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. 2026-27 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക പദ്ധതിയിൽ പദ്ധതിയുടെ വ്യാപ്തിയും ആവശ്യകതകളും വിലയിരുത്തിയിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 35 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-800-56—ക്ലസ്റ്റർതലത്തിലുള്ള മാലിന്യ സംസ്കരണ അടിസ്ഥാന സൗകര്യ വികസന പിന്തുണ -നഗരം

വിഹിതം: 2 കോടി രൂപ (പദ്ധതി)

18. മാലിന്യ സംസ്കരണ സംവിധാനത്തിലെ നിലവിലുള്ള വിടവ് നികത്തുന്നതിന് സംസ്ഥാനത്തുടനീളം പ്രധാന ക്ലസ്റ്റർതല മാലിന്യ സംസ്കരണ പദ്ധതികൾ സ്ഥാപിക്കേണ്ടത് ആവശ്യമാണ്. ക്ലസ്റ്റർതല പദ്ധതികൾക്കായി വിശദമായ പദ്ധതി റിപ്പോർട്ടുകൾ (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള ധനസഹായം, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (വി.ജി.എഫ്.), പ്ലാന്റുകളുടെ പ്രവർത്തനം, പരിപാലനം എന്നിവയ്ക്കായി ബഡ്ജറ്റ് വിഹിതത്തിനുപുറമേ മേൽ ശീർഷകത്തിൽ 8 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന XXV—പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 3774,71,67,000 രൂപ |
| ചാർജ്ജ് ചെയ്തത് | : | 2,000 രൂപ |

2225-04-001-99—നടത്തിപ്പ്

04—യാത്രാ ചെലവുകൾ

1—യാത്രാബത്ത

വിഹിതം : 1.14 ലക്ഷം രൂപ (പദ്ധതിയേതരം)

19. സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്ന പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതികളുടെ സ്ഥലപരിശോധനയ്ക്കും മറ്റ് റിവ്യൂ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിനായും ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർക്കും മറ്റ് ഉദ്യോഗസ്ഥർക്കും നിരന്തര യാത്ര നടത്തേണ്ടതുണ്ട്. ഉദ്യോഗസ്ഥർക്ക് യാത്രാബത്ത അനുവദിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-001-99—നടത്തിപ്പ്

05—ഓഫീസ് ചെലവുകൾ

1—വെള്ളക്കരം

3—ടെലിഫോൺ ചെലവ്

വിഹിതം: 75,000 രൂപ (പദ്ധതിയേതരം)

20. ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിലും മദ്രസ്സ ക്ഷേമനിധി ബോർഡിലും വെള്ളക്കരയിനത്തിലും ടെലിഫോൺ ചാർജിനത്തിലും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ വെള്ളക്കരയിനത്തിൽ 10,000 രൂപയും ടെലിഫോൺ ചെലവിനത്തിൽ 40,000 രൂപയും ചേർത്ത് ആകെ 50000 രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-102-92—ജസ്റ്റിസ് സച്ചാർ കമ്മിറ്റിയുടെ ശിപാർശകളിന്മേലുള്ള പദ്ധതികളുടെ നടപ്പാക്കൽ

34—മറ്റു ചെലവുകൾ

3—മറ്റിനം

വിഹിതം : 2.2003 കോടി രൂപ (പദ്ധതിയേതരം)

21. 24 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളുടേയും 22 ഉപകേന്ദ്രങ്ങളുടേയും നടത്തിപ്പ് ചെലവ്, ഫാക്കൽറ്റി ചെലവ്, കേന്ദ്രത്തിന്റെ മറ്റ് നടത്തിപ്പ് ചെലവുകൾ എന്നിവയ്ക്കായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-102-91—കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

31—സഹായധനം - ശമ്പളം

വിഹിതം: 1.8744 കോടി രൂപ (പദ്ധതിയേതരം)

22. ന്യൂനപക്ഷ കമ്മീഷൻ അംഗങ്ങളുടെ ടെർമിനൽ സറണ്ടർ, ജീവനക്കാരുടെ ശമ്പളം, മുൻ കമ്മീഷൻ അംഗങ്ങളുടെ പെൻഷൻ, യാത്രാബത്ത, നിലവിലെ കമ്മീഷൻ ചെയർമാന്റെയും ജീവനക്കാരുടെയും ക്ഷാമബത്ത വർദ്ധനവ്, ജീവനക്കാരുടെ ശമ്പള പരിഷ്കരണം, വാർഷിക വർദ്ധനവ്, മുൻ അംഗത്തിന്റെ ടെർമിനൽ സറണ്ടർ കുടിശിക എന്നീ ഇനങ്ങളിലുള്ള ചെലവുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 60.56 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന XXXV—പഞ്ചായത്ത്

വോട്ട് ചെയ്തത് : 1471,67,73,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2515-00-001-85-ഇൻഫർമേഷൻ കേരളാ മിഷൻ-വിവര വിനിമയ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രാദേശികഭരണം ശക്തിപ്പെടുത്തൽ

99 - വിവരസാങ്കേതിക വിദ്യ

വിഹിതം : 10 കോടി രൂപ (പദ്ധതി)

23. നഗര, ഗ്രാമ ഭരണ സ്ഥാപനങ്ങളിൽ KSMART ആപ്ലിക്കേഷൻ വിന്യസിക്കുന്നതിനായുള്ള പ്രവൃത്തികൾക്കും ഐ.കെ.എം. ജീവനക്കാരുടെ ശമ്പളത്തിനായും മറ്റ് ചെലവുകൾക്കായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 28 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-101-65—സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ)-നിർമ്മൽ ഭാരത് അഭിയാൻ (60% സി.എസ്.എസ്.)

2515-00-789-98—സ്വച്ച് ഭാരത് മിഷൻ (പ്രത്യേക പദ്ധതി വിഹിതം) (ഗ്രാമീൺ)

2515-00-796-98—സ്വച്ച് ഭാരത് മിഷൻ - (പട്ടികവർഗ്ഗ ഉപ പദ്ധതി - ഗ്രാമീൺ)

കേന്ദ്രവിഹിതം: 22.5 കോടി രൂപ

സംസ്ഥാന വിഹിതം : 15 കോടി രൂപ (പദ്ധതി)

24. ഓരോ ഗ്രാമത്തിലും സമഗ്രവും സമ്പൂർണ്ണവുമായ ശുചിത്വ സൗകര്യങ്ങളും മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളും ഉറപ്പാക്കുകയെന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ബഡ്ജറ്റ് വിഹിതത്തിനുപുറമേ മേൽ ശീർഷകത്തിൽ കേന്ദ്ര വിഹിതമായി 37.5 കോടി രൂപയും സംസ്ഥാന വിഹിതമായി 25 കോടി രൂപയും ചേർത്ത് ആകെ 62.5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-101-56-01, 02(ജനറൽ)—രാഷ്ട്രീയഗ്രാമ സ്വരാജ് അഭിയാൻ-പൊതുവിഭാഗം(60% സി.എസ്.എസ്.)

2515-00-789-97-01, 02 (എസ്.സി.പി.)—രാഷ്ട്രീയഗ്രാമ സ്വരാജ് അഭിയാൻ (പ്രത്യേക ഘടക ഉപ പദ്ധതി) (60% സി.എസ്.എസ്.)

2515-00-796-97-01, 02 (ടി.എസ്.പി.)—രാഷ്ട്രീയഗ്രാമ സ്വരാജ് അഭിയാൻ - പട്ടികവർഗ്ഗ ഉപപദ്ധതി - (60% സി.എസ്.എസ്.)

കേന്ദ്രവിഹിതം: 10.5 കോടി രൂപ

സംസ്ഥാന വിഹിതം : 7 കോടി രൂപ (പദ്ധതി)

25. ത്രിതല പഞ്ചായത്തുകളുടെയും ഗ്രാമസഭകളുടെയും കാര്യശേഷി വികസനത്തിനും അതുവഴി വികസനത്തിൽ പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വിഭാവനം ചെയ്യുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ബഡ്ജറ്റ് വിഹിതത്തിനുപുറമേ മേൽ ശീർഷകത്തിൽ കേന്ദ്ര വിഹിതമായി 6.3 കോടി രൂപയും സംസ്ഥാന വിഹിതമായി 4.2 കോടി രൂപയും ചേർത്ത് ആകെ 10.5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-101-15—ഗ്രാമീണ മേഖലയ്ക്കുള്ള ക്ലസ്റ്റർതല മാലിന്യ സംസ്കരണ അടിസ്ഥാന സൗകര്യ പിന്തുണ

വിഹിതം : 1 കോടി രൂപ (പദ്ധതി)

26. മാലിന്യ സംസ്കരണ സംവിധാനത്തിലെ ക്ലസ്റ്റർതല പദ്ധതികൾക്കായി വിശദമായ പദ്ധതി റിപ്പോർട്ടുകൾ (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള ധനസഹായം, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (വി.ജി.എഫ്.), പ്ലാന്റുകളുടെ പ്രവർത്തനം, പരിപാലനം എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 4 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-800-98(01,02)—പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള ധനസഹായം (കേന്ദ്രവിഹിതം, സംസ്ഥാനവിഹിതം)

കേന്ദ്രവിഹിതം : 142.5 കോടി രൂപ (പദ്ധതി)

സംസ്ഥാനവിഹിതം: 95 കോടി രൂപ (പദ്ധതി)

27. പ്രധാനമന്ത്രി ഗ്രാമസഡക് യോജന (പി.എം.ജി.എസ്.വൈ.) പദ്ധതിയിൽ സംസ്ഥാനത്ത് അനുവദിച്ചിരിക്കുന്ന റോഡുകളും ലോംഗ് സ്പാൻ ബ്രിഡ്ജുകളും പൂർത്തീകരിക്കുന്നതിനായും പി.എം.ജി.എസ്.വൈ. 4-ന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായും ബഡ്ജറ്റ് വിഹിതത്തിനു പുറമേ

മേൽ ശീർഷകത്തിൽ കേന്ദ്ര വിഹിതമായി 97.5 കോടി രൂപയും സംസ്ഥാന വിഹിതമായി 65 കോടി രൂപയും ചേർത്ത് ആകെ 162.5 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-800-98(03)—പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള ധനസഹായം - അധിക സംസ്ഥാന വിഹിതം

വിഹിതം : 30 കോടി രൂപ (പദ്ധതി)

28. പ്രധാനമന്ത്രി ഗ്രാമസഡക് യോജന (പി.എം.ജി.എസ്.വൈ.) പദ്ധതിയിൽ ടെണ്ടർ പ്രീമിയം യൂട്ടിലിറ്റി ഷിഫ്റ്റിംഗിന്റെ ചെലവുകൾ നിർമ്മാണം പൂർത്തിയാക്കിയ റോഡുകളുടെ പരിപാലനം, ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്നിവയുടെ ചെലവുകൾ കണ്ടെത്തുന്നതിന് ബഡ്ജറ്റ് വിഹിതത്തിനുപുറമേ മേൽ ശീർഷകത്തിൽ 13.56 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന XXXVI—ഗ്രാമവികസനം

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 8180,49,19,000 രൂപ |
| ചാർജ്ജ് ചെയ്തത് | : | 1,000 രൂപ |

2501-06-197-48—കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം

(11), (12)—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.ഗ്രാമീണ) (60% സി.എസ്.എസ്.)

2501-06-789-98-(01),(02)—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്.എസ്.)

2501-06-796-98-(01),(02)—പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ. ഗ്രാമീണ) (60% സി.എസ്.എസ്.)

കേന്ദ്ര വിഹിതം : 124.5 കോടി രൂപ (പദ്ധതി)

സംസ്ഥാന വിഹിതം : 83 കോടി രൂപ (പദ്ധതി)

29. PMAY-G പദ്ധതി പ്രകാരം 2026-27 സാമ്പത്തിക വർഷത്തിൽ അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് കേന്ദ്ര വിഹിതമായി 313.48 കോടി രൂപയും സംസ്ഥാന വിഹിതമായി 208.99 കോടി രൂപയും ചേർത്ത് ആകെ

522.47 കോടി രൂപ മേൽ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2501-06-197-48—കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം

(28), (29)—പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ

കേന്ദ്ര വിഹിതം : 4.5 കോടി രൂപ (പദ്ധതി)

സംസ്ഥാന വിഹിതം : 3 കോടി രൂപ (പദ്ധതി)

30. PM-JANMAN പദ്ധതി പ്രകാരം 1814 വീടുകൾ പൂർത്തിയാക്കുന്നതിന് കേന്ദ്ര വിഹിതമായി 10.456405 കോടി രൂപയും സംസ്ഥാന വിഹിതമായി 6.970936 കോടി രൂപയും ചേർത്ത് ആകെ 17.427341 കോടി രൂപ മേൽ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2501-06-198-48—കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം

(03), (04)—ദീൻദയാൽ അന്ത്യോദയ യോജന, ദേശീയ ഗ്രാമീണ ഉപജീവന മിഷൻ-ഡി.എ.വൈ. - എൻ.ആർ.എൽ.എം. (60% സി.എസ്.എസ്.)- പൊതുവിഭാഗം

(05), (06)—ദീൻദയാൽ അന്ത്യോദയ യോജന, ദേശീയ ഗ്രാമീണ ഉപജീവന മിഷൻ-ഡി.എ.വൈ. - എൻ.ആർ.എൽ.എം. (60% സി.എസ്.എസ്) - പ്രത്യേക പദ്ധതി വിഹിതം

(07), (08)—ദീൻദയാൽ അന്ത്യോദയ യോജന, ദേശീയ ഗ്രാമീണ ഉപജീവന മിഷൻ-ഡി.എ.വൈ. - എൻ.ആർ.എൽ.എം. (60% സി.എസ്.എസ്)- ഗിരിവർഗ്ഗ പ്രദേശ ഉപപദ്ധതി

കേന്ദ്ര വിഹിതം : 104.1 കോടി രൂപ (പദ്ധതി)

സംസ്ഥാന വിഹിതം : 69.4 കോടി രൂപ (പദ്ധതി)

31. ഗ്രാമീണ ദരിദ്ര കുടുംബങ്ങളെ, പ്രത്യേകിച്ച് സ്ത്രീകളെ സ്വയം സഹായ സംഘങ്ങളായി സംഘടിപ്പിച്ച് ബാങ്ക് വായ്പകളും തൊഴിലവസരങ്ങളും വഴി ദാരിദ്ര്യനിർമ്മാർജനം ചെയ്യാനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കേന്ദ്ര വിഹിതമായി 136.2 കോടി രൂപയും സംസ്ഥാന വിഹിതമായി 90.8 കോടി രൂപയും ചേർത്ത് ആകെ

227 കോടി രൂപ മേൽ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2501-06-198-48—കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം

(15), (16)—സ്റ്റാർട്ട് അപ് ഗ്രാമീണ സംരംഭകത്വ പരിപാടി (60% സി.എസ്.എസ്.)

കേന്ദ്ര വിഹിതം : 22.5 കോടി രൂപ (പദ്ധതി)

സംസ്ഥാന വിഹിതം : 15 കോടി രൂപ (പദ്ധതി)

32. 2026-27 സാമ്പത്തിക വർഷത്തിലേക്ക് എസ്.വി.ഇ.പി. പദ്ധതിയ്ക്കായി കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ള വാർഷിക പ്രവർത്തന പദ്ധതിയുടെ തുക സമയബന്ധിതമായി ലഭ്യമാകുന്നതിലേക്കായി കേന്ദ്ര വിഹിതമായി 51 കോടി രൂപയും സംസ്ഥാന വിഹിതമായി 34 കോടി രൂപയും ചേർത്ത് ആകെ 85 കോടി രൂപ മേൽ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2501-06-198-48—കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം

(18), (19)—മഹിളാ കിസാൻ സശക്തികരൻ പരിയോജന-ജനറൽ (60% സി.എസ്.എസ്.)

(20), (21)—മഹിളാ കിസാൻ സശക്തികരൻ പരിയോജന-എസ്.സി.പി.(60% സി.എസ്.എസ്.)

(22), (23)—മഹിളാ കിസാൻ സശക്തികരൻ പരിയോജന-ടി.എസ്.പി. (60% സി.എസ്.എസ്.)

കേന്ദ്ര വിഹിതം : 6.15 കോടി രൂപ (പദ്ധതി)

സംസ്ഥാന വിഹിതം : 4.1 കോടി രൂപ (പദ്ധതി)

33. 2026-27 സാമ്പത്തിക വർഷത്തിലേക്ക് എം.കെ.എസ്.പി.ഐ.എഫ്.സി. പദ്ധതിയ്ക്കായി കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ള വാർഷിക കർമ്മ പദ്ധതിയുടെ തുക സമയബന്ധിതമായി ലഭ്യമാകുന്നതിലേക്കായി കേന്ദ്ര വിഹിതമായി 5.85 കോടി രൂപയും സംസ്ഥാന വിഹിതമായി 3.9 കോടി രൂപയും ചേർത്ത് ആകെ 9.75 കോടി രൂപ മേൽ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2505-02-101-99—മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (100% സി.എസ്.എസ്.)

(02)— ഭരണപരമായ ചെലവുകൾ - അധിക സംസ്ഥാന സഹായം

വിഹിതം: 75 ലക്ഷം രൂപ (പദ്ധതി)

34. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.2735 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2505-02-101-99—മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (100% സി.എസ്.എസ്.)

(04)— ഫെസ്റ്റിവൽ അലവൻസ് വിതരണം ചെയ്യുന്നതിനുള്ള അധിക സംസ്ഥാന സഹായം

വിഹിതം: ഇല്ല (പദ്ധതി)

35. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുന്ന കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് അനുവദിക്കുന്ന ഫെസ്റ്റിവൽ അലവൻസിന് സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 6 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2505-02-101-92—എം.ജി.എൻ.ആർ.ഐ.ജി. പദ്ധതി

വിഹിതം: ഇല്ല (പദ്ധതി)

36. **എം.ജി.എൻ.ആർ.ഐ.ജി.** പദ്ധതിയ്ക്കു കീഴിൽ തൊഴിലാളികൾക്ക് തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ട്. തൊഴിലില്ലായ്മ വേതനം നഷ്ടപരിഹാരത്തിന്റെ മുൻകൂർ പേയ്മെന്റായി നൽകേണ്ടതുള്ള ഈയിനത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 1 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2505-02-101-91—എം.ജി.എൻ.ആർ.ഇ.ജി. പദ്ധതി

വിഹിതം: ഇല്ല (പദ്ധതി)

37. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പരിധിയിൽ വരുന്ന തൊഴിലാളികൾക്ക് വേതനം നൽകുന്നതിൽ കാലതാമസം ഉണ്ടായാൽ കൊടുക്കേണ്ട കാലതാമസ നഷ്ടപരിഹാരത്തിന്റെ മുൻകൂർ പേയ്മെന്റായി നൽകേണ്ടതുണ്ട്.

ഈയിനത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 1 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2505-02-101-88—കേരള എംപ്ലോയ്മെന്റ് ഗ്യാരണ്ടി വർക്കേഴ്സ് വെൽഫെയർ ഫണ്ട്

(10)—സംഭാവന

വിഹിതം: 1000 (പദ്ധതിയേതരം)

38. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെയും പരിധിയിൽ വരുന്ന തൊഴിലാളികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 30.7199 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-102-33—നവകേരള കർമ്മ പദ്ധതി-2 (ഹരിത കേരളം മിഷൻ)

വിഹിതം: 9.95 കോടി രൂപ (പദ്ധതി)

39. നവകേരള കർമ്മപദ്ധതി-2-ന്റെ ഐ.ഇ.സി. പ്രവർത്തനങ്ങൾ, റിസോഴ്സ് പേഴ്സൺമാരുടെ ഹോണറേറിയം, ഹരിത കേരളം മിഷന്റെ ജലസംരക്ഷണം, പാറക്വാറികളിൽ നിന്നുള്ള ജലപുനരുപയോഗം, നെറ്റ് സീറോ കാർബൺ ജനങ്ങളിലൂടെ, പരിസ്ഥിതി പുനഃസ്ഥാപനം, മെൻസ്ട്രൽ കപ്പ് വിതരണം, മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ നടത്തിവരുന്ന തനത് പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 17.05 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-102-21—കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (ലീപ് കേരള മിഷൻ)

വിഹിതം:- 20.2 കോടി രൂപ (പദ്ധതി)

40. സാമൂഹ്യ സാക്ഷരത, കാലാവസ്ഥാ സാക്ഷരത, സാംസ്കാരിക സാക്ഷരത, ചരിത്ര സാക്ഷരത ഉൾപ്പെടെ നവോത്ഥാന സാക്ഷരത, മാധ്യമസാക്ഷരത എന്നീ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ

ശീർഷകത്തിൽ 3 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-102-49—സമ്പൂർണ്ണ ഭവന പദ്ധതി-ഗ്രാമം (ലൈഫ് - പാർപ്പിട മിഷൻ)

വിഹിതം : 532.5 കോടി രൂപ (പദ്ധതി)

41. ഗ്രാമീണ മേഖലയിൽ ലൈഫ് പാർപ്പിട മിഷൻ മൂന്നാം ഘട്ട പദ്ധതിയുടെ ഭാഗമായി ഭൂമിയില്ലാത്ത ഭവനരഹിതർക്ക് ഭവനസമുച്ചയങ്ങളും ഭൂമി ലഭ്യമാക്കുന്നവർക്ക് വ്യക്തിഗത വീടുകളും നിർമ്മിച്ച് നൽകാനും 2026-27 വർഷത്തിൽ ലക്ഷ്യമിട്ടിട്ടുള്ള ഒരുലക്ഷം വ്യക്തിഗത ഭവനങ്ങൾക്കും സംസ്ഥാന വിഹിതം നൽകുന്നതിനും നിർമ്മാണം പുരോഗമിക്കുന്ന ഭവന സമുച്ചയങ്ങൾക്കായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 680.43 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗംവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**എം. ബി. രാജേഷ്,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2026, ഫെബ്രുവരി 20.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.